# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1419** 03.12.2015- ൽ മറുപടിക്ക്

## അങ്കമാലി ബൈപ്പാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോസ് തെറ്റയിൽ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പമന്ത്രി)** |
| (എ) എം.സി. റോഡും ദേശീയ പാതയും സംഗമിക്കുന്ന അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി വർഷങ്ങളായി നിർദ്ദേശിക്കപ്പെട്ടതും കഴിഞ്ഞ സർക്കാരിന്റെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റിൽ നിന്നും ഒഴിവാക്കുകയും ചെയ്ത അങ്കമാലി ബൈപ്പാസ് പദ്ധതി എങ്ങനെ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിനായി പി.പി.പി മാതൃകയിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിനായി കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനത്തെ ഏൽപ്പിക്കുകയുണ്ടായി. 3 കി.മി. നീളമുള്ള കരയാംപറമ്പ് മുതൽ റെയിൽവേ സ്റ്റേഷൻ ജംഗ്ഷൻ വരെയുള്ള ഒന്നാം ഘട്ടത്തിന്റെ പ്രാഥമിക ഡി.പി.ആർ 22.05.2012-ൽ കിറ്റ്കോ സമർപ്പിക്കുകയുണ്ടായി. വിശദമായ ഡി.പി.ആർ ഉണ്ടാക്കുവാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ലഭിച്ചാലുടൻ പരിശോധന നടത്തി അംഗീകാരവും ഭരണാനുമതിയും നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (ബി) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ചചെയ്യുന്നതിനായി 31.3.2012 ലും 2.7.2014 ലും രണ്ട് യോഗങ്ങൾ വിളിച്ച് ചേർത്ത് തീരുമാനങ്ങൾ എടുത്തിട്ടും 2011 ബഡ്ജറ്റിൽ 1000 കോടിയുടെ ബൈപ്പാസ് പാക്കേജിൽ ഉൾക്കൊള്ളിച്ചിരുന്ന പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാനും ബഡ്ജറ്റിൽ ഉൾപ്പെടുത്താനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാലര വർഷം കഴിഞ്ഞിട്ടും സാധിക്കാത്തതിന് കാരണം വിശദമാക്കുമോ ; | (ബി) യും (സി) യും അങ്കമാലി ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി വിളിച്ച് ചേർത്ത വിവിധ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനം അനുസരിച്ച് പി.പി.പി മാതൃകയിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ ഫിനാൻഷ്യൽ മോഡ്, നിർമ്മാണ കാലാവധി, ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക മുതലായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റായ കിറ്റ്കോയ്ക്ക് വീണ്ടും നിർദ്ദേശം നൽകുകയുണ്ടായി. അതിന്റെ വിശദമായ പഠനം നടന്നുവരികയാണ്. റിപ്പോർട്ട് എത്രയും പെട്ടെന്ന് സമർപ്പിക്കുവാൻ കിറ്റ്കോയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ബൈപ്പാസ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് എത്ര നാളിനുള്ളിൽ തയ്യാറാക്കുവാനാണ് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത് ? | |

സെക്ഷൻ ഓഫീസർ